**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 426** **13-01-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ഇൻസ്പെക്ഷൻ വിംഗ് കണ്ടെത്തിയ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഷാനിമോൾ ഉസ്മാൻ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | കിഫ്ബി ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധനയിൽ കിഫ്ബിയുടെ ഏതെല്ലാം പ്രോജക്ടുകളിൽഎന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അസംബ്ലി മണ്ഡലം തിരിച്ച് വിശദമാക്കുമോ; | (എ) | കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ സൈറ്റ് ഇൻസ്പെക്ഷനുകൾ നടത്തുകയും SPV യും കരാറുകാരനും ചെയ്യേണ്ട പ്രവർത്തികളിൽ വീഴ്ച വരുത്തുമ്പോൾ പരിഹരിക്കുന്നതിനായി ഫീൽഡ് ഒബ്സെർവഷൻ ഷീറ്റ്, ഒബ്സെർവഷൻ മെമ്മോ എന്നിവയും SPVയ്ക്ക് നൽകാറുണ്ട്. സാധാരണയായി ഗുണനിലവാരമില്ലായ്മ , സമയക്രമമില്ലായ്മ എന്നിവയാണ് സ്ഥിരമായി കണ്ടു വരുന്ന ക്രമക്കേടുകൾ. SPV ക്രമക്കേടുകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് ഒബ്സെർവഷൻ മെമ്മോ പിൻവലിക്കുന്നതാണ്. നിരന്തരമായി ഒബ്സെർവഷൻ മെമ്മോ കൊടുത്തിട്ടും ഉചിതമായ നടപടി സ്വീകരിച്ചിട്ടില്ലാത്ത പദ്ധതികൾ താത്കാലികമായി നിർത്തിവെക്കുന്നതിന് കിഫ്ബി നിർദ്ദേശം നൽകുന്നുണ്ട്. കിഫ്ബിയുടെ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തി എല്ലാവിധ ന്യൂനതകളും പരിഹരിച്ചു എന്ന് ഉറപ്പു വരുത്തിയ ശേഷം നിർത്തിവെച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നുണ്ട്. ക്രമക്കേടുകൾ കണ്ടെത്തി താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ടായിരുന്ന പ്രോജക്ടുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ക്രമക്കേട് മൂലം എത്ര തുകയുടെ നഷ്ടമാണ് ഓരോ പ്രോജക്ടിലും ഉണ്ടായതെന്ന് വ്യക്തമാക്കുമോ; | (ബി) | കിഫബിയ്ക്ക് ഒരു പ്രോജക്ടിലും നഷ്ടം ഒന്നുംതന്നെ ഉണ്ടായിട്ടില്ല. ഗുണനിലവാരമില്ലാത്ത പ്രവർത്തികൾക്ക് ഒന്നും തന്നെ കിഫ്ബിയിൽ നിന്ന് കരാറുകാരന് തുക അനുവദിച്ച് നൽകിയിട്ടില്ല. കരാറുകാരന്റെ ഭാഗത്തു നിന്നുമുള്ള വീഴ്ച്ചകൾക്ക് കരാറുകാരന്റെ പക്കൽ നിന്നും, എസ് പി വിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള വീഴ്ചകൾക്ക് എസ് പി വി യിൽ നിന്നും കിഫ്ബി പിഴ ഈടാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ക്രമക്കേട് ഉണ്ടായ പ്രോജക്ടുകളിലെ എസ്.പി.വി.കൾ ഏതെല്ലാം; പ്രസ്തുത എസ്.പി.വി.കൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ? | (സി) | ക്രമക്കേട് മൂലം താത്കാലികമായി നിർത്തിവെക്കപ്പെട്ട പദ്ധതികളിലെ എസ്.പി.വി. കൾ കേരള റോഡ് ഫണ്ട് ബോർഡ്, കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ്ടെക്നോളജി ഫോർ എഡ്യൂക്കേഷൻ, കിറ്റ്കോ, ഇൻകെൽ, കേരള വാട്ടർ അതോറിറ്റി എന്നിവയാണ്. എസ് പി വി യുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള വീഴ്ചകൾക്ക്എസ് പി വി യിൽ നിന്നും കിഫ്ബി പിഴ ഈടാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ